LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ സേവനം

108 (4459) ശ്രീ പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഡയറക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് വേണ്ട അടിസ്ഥാന യോഗ്യതകൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) ഡയറക്ടറുടെ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം സാധ്യമാണോ ;

(ഡി) ഡയറക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതുമൂലം വകുപ്പിലെ ജീവനക്കാർക്കും പൊതുജനത്തിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ തസ്തികയിലേക്ക് നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുകയല്ല. വകുപ്പിലെ സീനിയർ തസ്തികയിലുള്ള അഡീഷണൽ ഡയറക്ടർക്ക് ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ട്.

(ബി) വെറ്ററിനറി സയൻസ് ബിരുദം, വെറ്ററിനറി സയൻസിൽ മൂന്നു മാസത്തിൽ കുറയാത്ത അഡ്വാൻസ്ഡ് ട്രെയിനിംഗ് പ്രോഗ്രാം എന്നിവയാണ് ആവശ്യമായ യോഗ്യതകൾ.

(സി) സാദ്ധ്യമാണ്.

(ഡി) ഡയറക്ടർ തസ്തികയിൽ ആ വകുപ്പിലെ അഡീഷണൽ ഡയറക്ടർക്ക് തന്നെ അധിക ചുമതല നൽകിയിട്ടുണ്ട്. ജീവനക്കാർക്കോ പൊതുജനങ്ങൾക്കോ ബുദ്ധിമുട്ട് ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മലപ്പുറം ജില്ലയിലെ മൃഗസംരക്ഷണ കേന്ദ്രങ്ങളിലുള്ള ജീവനക്കാരുടെ ഒഴിവുകൾ

109 (4460) ശ്രീ കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ നിലവിൽ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ട് ; കേന്ദ്രം/തസ്തിക തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ ചുവടെ വിവരിക്കും പ്രകാരം ആകെ 44 ഒഴിവുകൾ നിലവിലുണ്ട്.

1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ

ആകെ ഒഴിവുകൾ 41

2. ക്ലാർക്ക് - ടൈപ്പിസ്റ്റ് - 2

3. ലാബ് ടെക്നീഷ്യൻ - 1

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ - 41

സ്ഥാപനം	ഒഴിവുകളുടെ എണ്ണം
(1)	(2)
1. വെറ്ററിനറി ഡിസ്പെൻസറി, അരിയക്കോട്	1
2. ജില്ലാ പൗൾട്രി ഫാം, ആതവനാട്	1
3. വെറ്ററിനറി ഡിസ്പെൻസറി, ചെലമ്പ	1
4. വെറ്ററിനറി ഡിസ്പെൻസറി, ചുങ്കത്തറ	1
5. വെറ്ററിനറി ഡിസ്പെൻസറി, മൂത്തേടം	1
6. വെറ്ററിനറി ഡിസ്പെൻസറി, കല്ലാരിട്ടിക്കൽ	1
7. വെറ്ററിനറി ഡിസ്പെൻസറി, കാഞ്ഞിരമുക്ക്	1
8. വെറ്ററിനറി ഡിസ്പെൻസറി, കുഴിമണ്ണ	1
9. വെറ്ററിനറി ഡിസ്പെൻസറി, മംഗലം	1
10. വെറ്ററിനറി ഡിസ്പെൻസറി, മറക്കര	1
11. വെറ്ററിനറി ഡിസ്പെൻസറി, മൊറയൂർ	1
12. വെറ്ററിനറി ഡിസ്പെൻസറി, മുതുവള്ളൂർ	1
13. വെറ്ററിനറി ഡിസ്പെൻസറി, ഒതുകുങ്ങൽ	1
14. വെറ്ററിനറി ഡിസ്പെൻസറി, പള്ളിക്കൽ	1
15. വെറ്ററിനറി ഡിസ്പെൻസറി, പൊൻമല	1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
16. വെറ്ററിനറി ഡിസ്പെൻസറി, പുറത്തൂർ	1
17. വെറ്ററിനറി ഡിസ്പെൻസറി, തലക്കാട്	1
18. വെറ്ററിനറി ഡിസ്പെൻസറി, തവന്നൂർ	1
19. വെറ്ററിനറി ഡിസ്പെൻസറി, തെന്നല	1
20. വെറ്ററിനറി ഡിസ്പെൻസറി, ഉപ്പട	1
21. ആർ.പി.ചെക്ക്പോസ്റ്റ്, വഴിക്കടവ്	1
22. ഐ.സി.ഡി.പി. സബ്സെന്റർ, ചെമ്രകട്ടൂർ	1
23. ഐ.സി.ഡി.പി. സബ്സെന്റർ, എടക്കര	1
24. ഐ.സി.ഡി.പി. സബ്സെന്റർ, ഇന്ത്യാനൂർ	1
25. ഐ.സി.ഡി.പി. സബ്സെന്റർ, ഇരവവെട്ടി	1
26. ഐ.സി.ഡി.പി. സബ്സെന്റർ, കരപുരം	1
27. ഐ.സി.ഡി.പി. സബ്സെന്റർ, കോരപറമ്പ്	1
28. ഐ.സി.ഡി.പി. സബ്സെന്റർ, മറാഞ്ചേരി	1
29. ഐ.സി.ഡി.പി. സബ്സെന്റർ, മറുത	1
30. ഐ.സി.ഡി.പി. സബ്സെന്റർ, മൂർക്കനാട്	1
31. ഐ.സി.ഡി.പി. സബ്സെന്റർ, മുതുക്കുറിശ്ശി	1
32. ഐ.സി.ഡി.പി. സബ്സെന്റർ, നെല്ലിക്കുന്ന്	1
33. ഐ.സി.ഡി.പി. സബ്സെന്റർ, ഒതുകുങ്ങൽ	1
34. ഐ.സി.ഡി.പി. സബ്സെന്റർ, പാതായിക്കര	1
35. ഐ.സി.ഡി.പി. സബ്സെന്റർ, പൂക്കോട്ടൂർ	1
36. ഐ.സി.ഡി.പി. സബ്സെന്റർ, തലക്കാട്	1
37. ഐ.സി.ഡി.പി. സബ്സെന്റർ, തൃപ്രങ്ങോട്	1
38. ഐ.സി.ഡി.പി. സബ്സെന്റർ, വി.കെ.പടി	1
39. ഐ.സി.ഡി.പി. സബ്സെന്റർ, വട്ടല്ലൂർ-പാങ്ങ്	1
40. ഐ.സി.ഡി.പി. സബ്സെന്റർ, വെറ്റിലപ്പാറ	1
41. വെറ്ററിനറി ഹോസ്പിറ്റൽ, വഴിക്കടവ്	1

LIBRARY ARCHIVES Kerala Legislative Assembly

2. ക്ലർക്ക്-ടൈപ്പിസ്റ്റ്-2

1	വെറ്ററിനറി പോളീക്ലിനിക്ക്, ഈശ്വരമംഗലം	1
2	ജില്ലാ പൗൾട്രി ഫാം, ആതവനാട്	1

3. ലാബ് ടെക്നീഷ്യൻ-1

1	വെറ്ററിനറി പോളീക്ലിനിക്, ഈശ്വരമംഗലം	1
	ആകെ	44

(ബി) ആകെ 44 ഒഴിവുകളിൽ സമീപ കാലത്തുണ്ടായ 2 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഒഴിച്ച് ബാക്കി 42 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ പി.എസ്.സി.യുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തി വരുന്നു.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

110 (4462) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ പി.എസ്.സി. പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ ഇപ്പോൾ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിയമനം നടക്കാത്തതിനാൽ കന്നുകാലികളുടെ പരിപാലനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ പി.എസ്.സി. പരീക്ഷ നടത്തിയിട്ടുണ്ട്. എന്നാൽ റാങ്ക് ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 41 (നാൽപ്പത്തിഒന്ന്) ഒഴിവുകളാണ് നിലവിലുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly